# DISCIPLE

AND

# SON.

*Vallathol.*

Digitized By Kerala Sahitya Akademi

# ശിഷ്യനും മകനും

(ഒരു ഖണ്ഡകാവ്യം)

ഗ്രന്ഥകൎത്താ:

വള്ളത്തോൾ.

കുന്നംകുളം

എ. ആർ. പി. പ്രെസ്സ്.

൧൦൯൨

വില ഒരണ ൩.

ഗ്രന്ഥകൎത്താവിന്റെ അടയാളമില്ലാത്ത പുസ്തകം വ്യാജനിൎമ്മിതമായിരിക്കും.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# INTRODUCTION.

Mr. Vallathol Narayana Menon is too well-known to need an introduction at my hands to the Malayalam public. He has earned a unique position in the literary world of Kerala as much by his monumental translation of Valmiki's Ramayana as by the uniform excellence of his original works. An admiring public has conferred on him the proud title of 'Malayali Tagore', and the Rajah of Cochin has made him a Kavi Thilaka.

Mr. Menon stands apart on a plane by himself in Malayalam literature. His distinguishing characteristic is the exquisite polish of his expressions and the refined delicacy of his sentiments. He is also the leader of a new revival of poetry which aims at freeing Malayalam from the trammels of its medieval trapping.

The present work is an example of the best characteristics of Menon's poetry. The story is simple. It describes the encounter of Parasu-

Digitized By Kerala Sahitya Akademi

Rama the redoubtable warrior saint, with Ganesh the popular elephant faced diety. The outline of the story is this. Rama the favourite disciple of Siva once went on a vist to his Master. On arriving at the gates of the divine residence he was stopped by Ganesh on the plea that no one could enter without permission when Siva was asleep. In the Hiudu house-hold the disciple was a privileged person who had the right of entry at all times to the master's presence. A quarrel began on this ground with the result that Rama cut off one of the tusks of Ganesh. Hearing the cries of the attendents Siva and his consort came on the scene. The angry mother insisted on the immediate punishment of the disciple. But when the clouds were gathering their thickest on Kailasa and a storm seemed inevitable Krishna and his bride happened to come on a friendly call and through their intervention everything was settled and domestic peace reigned once again on the Silver Hill.

Mr. Menon's handling of the story brings in evidence in an eminent degree all the best characteristics of his poetrv. Indeed in point of vio8ur and vividness of narration, I do not know of any one piece in modern Malayalam literature which approaches the work now given tothe

Digitized By Kerala Sahitya Akademi

public. His description of the conflict is masterly and the final scene with Radha is done with a rare delicacy of touch. There is certainly no lack of colour though it is by no means profuse. In fact Mr. Menon's effectiveness as well as his charm lies entirely in an avoidance of profusion both in colour and in imagery. He is deliberate in his choice of soft colours rather than loud and he seems to rejoice in the effect of shaded light and murmered emotions.

More would not be to the purpose of this introduction and it remains for me only that I thoroughly recommend it to the public.

Kavalam,<br>
10 th June, '19 } K. M. PANIKKAR.

Digitized By Kerala Sahitya Akademi

ഇംഗ്ലീഷ് പ്രൊഫസറുടെ

# തർജ്ജമ

മിസ്റ്റർ വള്ളത്തോൾ നാരായണമേനോൻ മലയാളീവായനക്കാർക്കായി ഞാൻ പരിചയപ്പെടുത്തേണ്ട ആവശ്യമില്ല; അദ്ദേഹം അത്രയും സുപ്രസിദ്ധനാണ്. ഒരനശ്വരകീർത്തിസ്മാരകമായ വാത്മീകിരാമായണം തർജ്ജമകൊണ്ടെന്നപോലെ, ഒരുപോലെ ആസ്വാദ്യങ്ങളായ മററു സ്വതന്ത്രകൃതികൾകൊണ്ടും കേരളത്തിൽ അദ്വിതീയമായ ഒരു പദവിയെ അദ്ദേഹം ആരോഹണംചെയ്തിരിക്കുന്നു. അദ്ദേഹത്തെ ഹൃദയപൂർവ്വം അഭിനന്ദിച്ചാദരിക്കുന്ന പൊതുജനങ്ങളും അഭിമാനകരമായ 'മലയാളടാഗോർ' എന്ന ബഹുമതിയും, കൊച്ചിമഹാരാജാവു കവിതിലകൻ എന്ന സ്ഥാനപ്പേരും അദ്ദേഹത്തിനു നൽകിയിരിക്കുന്നു.

മലയാള സാഹിത്യത്തിൽ തനിക്കുമാത്രമായുള്ള ഒരു പ്രത്യേകപദത്തിൽ മിസ്റ്റർ മേനോൻ ഒന്നാകനനിൽക്കുന്നു. രചനയിലുള്ള കൌതുകകരമായ മിനുക്കുപണിയും ഉല്ലേഖങ്ങളുംകളുള്ള കര കവിഞ്ഞ സൌകുമാര്യവുമാണ് അദ്ദേഹത്തിന്റെ കവിതയ്ക്കുള്ള അനന്യസാധാരണമായ ഗുണവൈശിഷ്ട്യം. എന്നല്ല, മധ്യകാലത്തു വെച്ചുണ്ടായ തൊങ്ങൽക്കെട്ടുകളിൽനിന്നു വിട്ടുവിച്ചു മലയാളത്തെ സ്വതന്ത്രമാക്കിത്തീർക്കുവാൻ ഉദ്ദേശിക്കുന്ന നൂതനകവിതാരീതിയുടെ പ്രതിഷ്ഠാപകനും അദ്ദേഹമാണ്.

മിസ്റ്റർ മേനോന്റെ സവിശേഷമായ കവിതാഗുണം മുഴുവനും ഒത്തിട്ടുള്ള ഒന്നാണ് പ്രസ്തുതകൃതി. അപ്രതിഹതമായ

Digitized By Kerala Sahitya Akademi

പൌരുഷത്തോടുകൂടിയ ആ ക്ഷത്രിയർഷിയായ പരശുരാമൻ ഗണേശനുമായി യുദ്ധംചെയ്യുന്നതാണ് ഈ ദിക്കിലെ പ്രതിപാദ്യവിഷയം. കഥയുടെ ചുരുക്കം ഇങ്ങനെയാണ്: ശിവന്റെ പ്രിയശിഷ്യനായ രാമൻ തന്റെ ഗുരുവും ഈശ്വരനുമായ ശിവനെ ഒരു ദിവസം കാണ്മാൻ ചെന്നു. ആ ദിവ്യമായ വാസസ്ഥലത്തിന്റെ ഗോപുരവാതിൽക്കൽ എത്തിയപ്പോൾ, ഗണേശൻ, ശിവൻ പള്ളിക്കുറുപ്പായതുകൊണ്ട ആ സമയത്ത് ആർക്കും സമ്മതം കൂടാതെ അകത്തു കടന്നുകൂടന്ന പാടില്ലെന്നു തടഞ്ഞു.

ഹിന്ദുദേവന്മാരിൽ ഏതുസമയത്തും ഗുരുനാഥന്മാരുടെ ഉള്ളിൽ കടന്നുചെല്ലുന്നതിന്നു ശിഷ്യൻ അധികാരപ്പെട്ടവനാണ്. ഈ സംഗതിയിന്മേൽ രണ്ടുപേരുംകൂടി ശണ്ഠയായി, ഒടുവിൽ രാമൻ ഗണേശന്റെ ഒരു കൊമ്പു മുറിച്ചുകളഞ്ഞു. ശിവന്റെ പരിവാരങ്ങളുടെ ആർത്തശബ്ദം കേട്ട ശിവനും അദ്ദേഹത്തിന്റെ പത്നിയും ആ സ്ഥലത്തെത്തി. ദേഷ്യംവന്ന അമ്മ ഉടനെ ശിഷ്യനെ ശിക്ഷിച്ചേ കഴിയൂ എന്നു ശാഠ്യംപിടിച്ചു. കൈലാസത്തിലെങ്ങും മേഘപടലം അത്രയും ഇരുണ്ടുകൂടി ഒരു വല്ലാത്ത ലഹളയ്ക്കുള്ള പുറപ്പാടായിത്തീർന്നു. ആ സമയത്തു സംഗതിവശാൽ കൃഷ്ണനും അദ്ദേഹത്തിന്റെ പ്രിയരാധയും അവിടെ എത്തിച്ചേരുകയും അവരുടെ മാധ്യസ്ഥ്യത്തിന്മേൽ കാര്യം ശാന്തിയായി കലാശിക്കുകയും വെള്ളിമലയിൽ വീണ്ടും കുടുംബസുഖം വിളങ്ങുകയും ചെയ്തു.

“ഈ കഥാപ്രതിപാദനത്തിൽ സ്വതവേ മിസ്റ്റർ മേനോന്റെ കവിതയ്ക്കു പ്രത്യേകമായുള്ള എല്ലാ ഉത്തമഗുണങ്ങളും അത്രയും സവിശേഷമായി പ്രകാശിക്കുന്നുണ്ട്. “ഇപ്പോൾ മഹാജനസമക്ഷം അവതരിക്കുന്ന ഇതുപോലെ, ഇത്രയും ശക്തിയിലും ഇത്രയും സ്പഷ്ടതയോടുകൂടിയും കഥാവിവരണം ചെയ്യുന്ന മറ്റൊരുകൃതി മലയാളത്തിലുണ്ടെന്ന് എനിക്കു തോന്നുന്നില്ല. ആ യുദ്ധം വർണ്ണിച്ചിട്ടുള്ള ഭാഗം അത്രയും മേലേക്കിടയിലായിട്ടുണ്ട്; ഒരു മഹാകവിക്കല്ലാതെ മറ്റാർക്കും അതിനു ശ

കതിയില്ല. പിന്നെ രാധ വന്നതിന്നു ശേഷമുള്ള അന്ത്യഭാഗവും അതിലധികം ഹൃദയംഗമമായിരിക്കുന്നു. വർണ്ണനകളിലും അലങ്കാരങ്ങളിലും അനാവശ്യമായി നിറവും വലുപ്പവും കൂട്ടി കൃത്രിമത്വവും വൃഥാസ്ഥൂലതയും ഉണ്ടാക്കിത്തീർക്കാതെ കഴിയുന്നതിലാണ് വാസ്തവത്തിൽ മിസ്റ്റർ മേനോന്റെ ശക്തിയും സാമർത്ഥ്യവുമിരിക്കുന്നത്. കഴിയുന്നതും ലളിത കുറച്ചു സൗമ്യതയോടും സൗകുമാര്യത്തോടും കൂടിയ പദങ്ങളെക്കൊണ്ടും ഉല്ലേഖങ്ങളെക്കൊണ്ടും കവിതാനിർമ്മാണം ചെയ്യുന്നതിൽ അദ്ദേഹം പ്രത്യേകം നിഷ്കർഷിക്കുന്നുണ്ട്; കുറഞ്ഞ നിറപ്പകിട്ടിലും, കോമളമായ വികാരവർണ്ണനയിലുമാണ് അദ്ദേഹത്തിന്ന് അധികം ഇഷ്ടമുള്ളതെന്നു തോന്നുന്നു.

ഇതിലധികം ഈ അവതാരികയെ നീട്ടിക്കൊണ്ടുപോകേണ്ട ആവശ്യമില്ല. ഈ ചെറുകൃതിയെപ്പറ്റി പൊതുജനങ്ങളോട് ഹൃദയപൂർവ്വം ശിപാർശ ചെയ്യുക മാത്രമേ ഇനി എനിക്കു ഭാരമുള്ളൂ.”

Digitized By Kerala Sahitya Akademi

# ശിഷ്യനും മകനും

## ഒരു ഖണ്ഡകാവ്യം

## I

1

മികവുടയ കുബേരപത്തനത്തിൻ
സുകനകമാകിയ താഴികക്കുടങ്ങൾ,
പകൽ പകുതി കടന്ന ഭാസ്കരൻതൻ
പ്രകടമരീചികളാൽത്തിളങ്ങി മിന്നീ.

2

പല പല മണിമേട രണ്ടു പാടും
വിലസിന തൽപുരരഥ്യയിങ്കലൂടേ,
അലർശരരിപുവിൻ മഹാദ്രിതൻ നേ-
ർക്കലഘുവിഭാവനൊരന്തണൻ ഗമിച്ചു.

3

സുമഹിതമുനിവസിഷ്ഠനാമവൻതൻ
ഭ്രമരവൃതാംബുജരമ്യമാം മുഖത്തിൽ
വിമലതയൊടുദിച്ചിരുന്നതൊരു-
ജ്ജ്വലഗുണമല്ലൊ,രു ചീരലക്ഷ്മിയത്രേ.

Digitized By Kerala Sahitya Akademi

4

വരജ, വിവിധാക്ഷമാല, മാന്തോൽ,
മരവുരി, സർവ്വശരീരഭസ്മലേപം
പരമിതുകളിലൊന്നിലും മറഞ്ഞീ-
ലുര പെറമായുവതാപസന്റെ ദർപ്പം.

5

മദവൃഷഗതിയാമവന്റെയോരോ
പദതലവിന്യസനത്തിലും വിളങ്ങീ
സദഭിജനത, കൃത്യനിഷ്ഠ, ധൈര്യം,
ഹൃദയസമുന്നതി, ശൌര്യമെന്നിതെല്ലാം.

6

അവിടവിടെ മിഴിച്ചു നോക്കിനിന്നു
വിവിധവിചേഷ്ടിതർ പൌരരപ്പുമാനെ;
സവിനയർ ചിലർ, വായ് മറച്ചു കയ്യാൽ
സവിധഗരോടു, ‘ഉരിയാടൽ മെല്ലെ!’യെന്നായ്

7

അമലസുഷമനാമവങ്കൽ നക്ഷ-
പ്രമദകൾ സസ്പൃഹവീക്ഷണങ്ങളാലേ
കമലദളവിശാലമാല ചാർത്തി,
സുമനസി തദ്വിധപുത്രലാഭം നേർന്നു!

8

ഇരുവശവുമിരിക്കുവോരെണീറ്റു;
തെരുതെരെയധ്വഗർ മാറിനിന്നു ദൂരാൽ;

Digitized By Kerala Sahitya Akademi

രും ഭയബഹുമാനഭക്തി തിങ്ങി-
ഞ്ഞുരുവത്തു ഹന്ത! നിതാന്തശാന്തമായി.

9

പുകഴമളകനന്ദയിൽക്കുളിച്ചും,
വികസിതകല്പകപുഷ്പരേണു പൂശി,
അകലുഷസരസീജലസ്ഥസൌഗ-
ന്ധികമണമേന്തിയ ശുദ്ധവായുപോലും,

10

പെരികെ നിഭൃതനായൊതുങ്ങിയിട്ടാ-
ണരികിലണഞ്ഞതു തൽസപര്യ ചെയ്വാൻ
പരിഘലളജനിവൻ വഹിച്ച ചെന്തീ-
പ്പൊരി ചിതറും മഴ കാൺകിലാർ നടുങ്ങാ!

(കുളകം)

11

ശമധനനിവനീ,യരിപ്പടാസൃ-
ഗ്ഗളിതമായ കുഠാരിയാലെയല്ലോ,
സമരചതുരഹൈഹയേശബാഹു-
ച്ഛമതകളായിരമാശു വെട്ടിവിട്ടു!

12

അതേ, മഹാൻ ഭാർഗ്ഗവരാമനാണീ-
സ്സ്വതേജസാ ഭാസുരനാം ദ്വിജേന്ദ്രൻ;
ജിതേന്ദ്രിയൻ ധൂർജ്ജടിദർശനത്തിൽ-
ദ്ധൃതേച്ഛനായ്പ്പോവുകയാണിദാനീം

Digitized By Kerala Sahitya Akademi

# II

1

ആ മാനുഷർഷഭന,ഗസ്ത്യപ്രമുഖാപ്തകൃഷ്ണ-
പ്രേമാമൃതസ്തുതിവശീകൃതരാധികേശൻ,
കാമാരിശിക്ഷിതമഹാസ്ത്രന, ഗമിത്രദാഹി-
ധാമാവണത്തിതചിരേണഹരാചലത്തിൽ.

2

കൈലാസമേറി, മണിഗോപുരവും കടന്നു,
*ശൈലാദിമുഖ്യബഹുമാനിതനാ മുനീന്ദ്രൻ
വെയ്ലാന്നിടാത്ത വടമൂലതലേ വിളങ്ങും
ശൈലാത്മജാരമണകേളിഗൃഹത്തിലെത്തി.

3

ശ്രീരത്നവേദിയിൽ വലത്തുമിടത്തുമായ്ത്ത-
ദ്ദ്വാരസ്ഥലത്തിരുവർ കാവലിനുണ്ടിരിപ്പൂ;
ഹേരംബനും ഗുഹനുമാമവരെപ്പണിഞ്ഞാ-
ധീരൻ നടന്നു സദനത്തിനകത്തു പൂകാൻ.

4

എന്തത്ര വെമ്പലിതു ഹാ തെല്ലിട നില്ക്കു; താത-
നന്തഃപുരേ കിമപി വിശ്രമമല്ലയത്രേ-?
ചന്തത്തിലേവമുരചെയ്തു ഗണേശനപ്പോൾ,
തൻതമ്പിയായ്ക്കരുതുമാ ദ്വിജനെത്തടുത്താൻ.

---

* നന്ദികേശ്വരൻ.

Digitized By Kerala Sahitya Akademi

5

ലീലാരസത്തിനിടയില്ലധുനാ, വിളംബ-
മേലാത്തുണത്തുവതിനുണ്ടൊരു കാര്യമെന്നായ്,
കാലാരിശിഷ്യനഗജാതനയന്റെ കൈക-
ളാലാഞ്ഞു പുൽകിയ പിടുത്തമുടൻ വിടുർത്തീ.

6

ഏകാന്തസീമ്നി മരുവും ഗുരുതന്നടുക്കൽ-
പ്പോകാവതോ സഹജ, സമ്മതി കിട്ടിടാതേ?
വൈകാതെയച്ഛനിവിടെയ്ക്കെഴുന്നള്ളുമെന്നാ
ശ്രീകാർത്തികേയനുരച്ചു കരം പിടിച്ചു.

7

എന്നാൽ ദ്വിജന്റെ ചെവിതന്നിലിതൊന്നുമേശീ-
ല്ലെന്നായ്, രുകണ്ടു ഭൃഗുരാമനു പിന്മടക്കം?
മന്നാശു തട്ടി നടവാതിലിണഞ്ഞു, നേരെ
ചെന്നാനകല്മഷനകത്തു കടക്കുവാനായ്.

8

വെമ്പിശ്ശമിഷ്ഠമൃഷിതൻ ചുമലിങ്കൽ നീണ്ട
തുമ്പിക്കരം പുനരണച്ചരുളീ ഗജാസ്യൻ:-
മുമ്പിൽസ്സഖേ, തിരുമനസ്സറിയിച്ചിടാതെ
മുമ്പിൽക്കടന്നണകവയ്യ, വരട്ടെ, നിൽക്കൂ.

9

എല്ലായ്പ്പൊഴും പ്രണതശിഷ്യനു ദേശികൻക-
ച്ചെല്ലാം, സ്ഥലം സമയമെന്നിവ നോക്കിടേണം?
ഇല്ലാസ്സു പാഴ്തൊഴിലിനെന്നു നടന്നു വിപ്രൻ;
ചൊല്ലാന്ന് വിഘ്നപതിയേററ വിലക്കി വീണ്ടും.

Digitized By Kerala Sahitya Akademi

## 10

'പോവട്ടെ ഞാൻ, വിട്ടു!' 'വിടില്ല, കടന്നുകൂടം!'
'ഹരീ, വക്രവൃത്തി തുടരുന്നതു രാമനോടോ?'
ഏവം വഴക്കു മുറുകി, ദ്വിജദേവർ തമ്മിൽ-
ബ്ഭാവം പകർന്നു പിടിയും വലിയും തുടങ്ങി.

## 11

പോർവാശിയത്തുമവരെ പ്രശമപ്പെടുത്താ-
നാവാതൊഴിഞ്ഞു നിലവായി മയൂരവാഹൻ;
ആ വാഗ്വിവാദതുമുലധ്വനി കേട്ടണഞ്ഞ
ശൈവാഗ്ര്യപാർഷദരുമപ്പടി നോക്കിനില്പായ്.

## 12

*ഖർവ്വാംഗനായ് ദ്വിജഭടൻ പിടിവിട്ടൊഴിഞ്ഞാ-
ദ്ദുർവ്വാരമാം നിജപരശ്വധമൊന്നലച്ചു;
ശർവ്വാത്മജൻ ഝടിതി കാല്ക്കു പിടിച്ചെടുത്താ-
ഗ്ഗർവ്വാഢ്യനെള്ളിവി ചുഴറ്റി സലീലമായ്ത്താൻ;

## 13

ഉണ്ണിഗ്ഗണേശ്വരനു പമ്പരമായ്ച്ചമഞ്ഞു
വിണ്ണിൽക്കിടന്നു തിരിയുന്ന മുനിഷ്കകാണ്ഡു,
മണ്ണിൻചുവട്ടിലമരും ഭുവനങ്ങൾ കൂടി
കണ്ണിൽപ്പതിഞ്ഞു പലവട്ട,മിതെന്തു മായം!

---

* ഉടൽ കുറുതാക്കി.

Digitized By Kerala Sahitya Akademi

14

താവൽക്ഷണാലുലകമൊക്കയുമൊന്നു ചുററി-
ച്ചാ, വർണ്ണ്യപൌരുഷനെ മുൻനിലയിങ്കൽ നിർത്തി
ദേവൻ മദാപഹരണത്തിനു ചെയ്തതു, വി-
ദേവങ്കലിച്ഛാഫലമല്ലുളവാക്കിവിട്ടൂ!

15

ഉല്ലാസിതഭ്രുകടിയായ് ഭൃഗുമുഖ്യനെ,ന്നെ-
ന്നല്ലാതൊരരി പ്രഥമമായ പരാഭവത്താൽ:
വല്ലായ്മ ദേവകൾ പെട്ടുള്ളുവതും ക്ഷമിപ്പോ-
നല്ലായിരുന്നു ഹഹ, ഭാരതപൂർവ്വരക്തം!

III

1

അശങ്കമാ മാനി വൃഷാങ്കശിഷ്യ-
നമർഷാവേശത്തിനധീനനായി,
അച്ഛൻ കൊടുത്തോരു കൊടുങ്കുഠാരം
മകന്റെ നേൎക്കക്ഷണമാഞ്ഞു വിട്ടു.

2

രാമായുധം ഭീമസുതന്റെ വാമ-
ഗണ്ഡസ്ഥലത്തിൽസ്സഹസാ പതിച്ചു,
അക്കുംഭിവക്ത്രന്റെയിടത്തുകൊമ്പോ
നിൎഘാതഘോരാരവമായ് നിലത്തും.

3

അക്കൊമ്പു, ചെമ്മണ്ണടിയിൽക്കിളുന്ന
കൈലാസശൃംഗങ്ങളിലൊന്നിനൊപ്പം,

Digitized By Kerala Sahitya Akademi

കടങ്ങു രക്താങ്കിതമായി വീണ്ണു
ബ്രഹ്മാണ്ഡമൊട്ടുക്കൊരു ഞെട്ടൽ ഞെട്ടി.

4

പാടേ നരച്ചുള്ള ശിരസ്സു പൊക്കി
നോക്കുന്ന ഗൌരീഗുരുവാം ഗിരീന്ദ്രൻ,
ദൌഹിത്രനേല്ക്കും ദുരവസ്ഥയിങ്കൽ-
പ്പകച്ചുനില്ക്കുന്നതു പോലെ കാണായ്.

5

കൈലാസശൈലേ കനകാഭിഷേകം
കഴിച്ചുനിന്നീടിന കർമ്മസാക്ഷി,
കാണാവതല്ലീത്തൊഴിലെന്നു,കാണ്ഡ
ക്കാർകൊണ്ടലിന്മൂടലിലായ് മുഖത്തും!

6

കപോലഭിത്തിക്ഷതശോണിതത്താൽ
കാശ്മീരകം ചാർത്തിയ കുഞ്ജരാസ്യൻ,
അന്തിച്ചുകപ്പേന്തിയ ശാരദാഭ്രം
പോലേ വിളങ്ങീ സ്ഫടികാവദാതൻ.

7

സ്കന്ദൻ തട്ടാ പുഞ്ചിരിയിട്ടു; നന്ദി
കൺ ചിമ്മി; വീശീ ഗദ വീരഭദ്രൻ;
വീർപ്പൊന്നു വിട്ടു ഗുരു; കൈ തിരുമ്മീ
കുണ്ഡോദരൻ; നാവു കടിച്ചു ചണ്ഡൻ.

Digitized By Kerala Sahitya Akademi

8

ക്രുദ്ധരെന്നാലു,മൃഷീന്ദ്രനോടു
കയർത്തില്ലീശ്വരകിങ്കരന്മാർ:
സ്വാമിക്കു ശിഷ്യപ്രതിപത്തിയെത്ര-
യുണ്ടെന്നവർക്കൊക്കെയറിഞ്ഞുകൂടേ?

9

ക്ഷണാൽ ഗണങ്ങൾക്കിടയിൽപ്പുകന്നു
ഹാഹാപ്രണാദം ദിവി ചെന്നലച്ചു,
ഇങ്ങോട്ടെഴുന്നള്ളി വിനായകന്റെ
പിതാക്കൾ, നിശ്ശേഷജഗൽപിതാക്കൾ;

10

കൊമ്പൊന്നു പോയ്ച്ചോരയിലാണ്ടു നില്ക്കും
ഗജാസ്യനെക്കണ്ടതിസംഭ്രമത്താൽ,
'എന്തെന്തിതെ'ന്നീശ്വരപത്നി പാഞ്ഞു
ചെന്നങ്ങെടുത്തങ്കതലത്തിൽ വെച്ചു.

11

തൃക്കാല്ക്കൽ വീണീടിന ശിഷ്യനേയും,
കൃതാംഗനായ്ത്തീർന്ന തനൂജനേയും
കാരുണ്യവാത്സല്യകഷായമായ
കണ്ണാൽ നിരീക്ഷിച്ചു കലേശചൂഡൻ,

12

ആഠംക്കാരമായ്ഗ്ഗൌരി പരിക്കു പെട്ട
പുത്രന്നു വേണ്ടും പരിചര്യ ചെയ്തു,

Digitized By Kerala Sahitya Akademi

അഭിജ്ഞനാം ഷൺമുഖനച്ഛനമ്മ-
മാരെ ഗ്രഹിപ്പിച്ചു നടന്നതെല്ലാം.

13

ഉടൻ മഹാദേവി, യിടത്തുകയ്യാ-
ലഴിഞ്ഞ വാർപൂങ്കുഴലൊന്നൊതുക്കി,
ജ്വലിച്ച കൺകൊണ്ടൊരു നോക്കു നോക്കി-
പ്പാർശ്വസ്ഥനാകും പതിയോടുരച്ചു:—

14

'കിട്ടീലയോ ദക്ഷിണ വേണ്ടുവോളം,
വിശിഷ്ടനാം ശിഷ്യനിൽനിന്നിദാനീം?
ദിവ്യായുധം 'വല്ലതുമുണ്ടു ബാക്കി-
യെന്നാലതും നൽകിയനുഗ്രഹിക്കാം!

15

മകൻ പരിക്കേററു മരിക്കിലെന്തു,
മഹാരഥൻ ശിഷ്യനടുക്കലില്ലേ?
'രാമൻ ജഗൽസത്തമനാണു' പോലും!
വിദ്യാർപ്പണം പാത്രമറിഞ്ഞു വേണം.

16

*'തോയ് തീർക്കുവാൻ തക്കൊരു നല്ല കൊമ്പു-
യാതൊന്നിൽനിന്നോ മഴുവിന്നു കിട്ടി,

---

മഴുവിന്റെ പിടി.

Digitized By Kerala Sahitya Akademi

ആ ശ്ലാഘിയെത്തന്നെയതാശു വെട്ടി
വീഴുന്നു കാർത്തഘ്നവിജൃംഭിതത്താൽ!—

17

എന്തൊക്കെയോ ഹന്ത! കഥിച്ചു വീണ്ടും
സുതാംഗഭംഗാർദ്ദിതയായ ദേവി;
ഭർത്താവതിന്നുത്തരമൊന്നുമോതീ-
ലത്യുൽക്കണ്ഠ പാർശ്വസ്ഥിതർ പാഴിലേന്തി!

18

ശിഷ്യൻ പ്രവർത്തിച്ചതു വീരധർമ്മം;
സുതാംഗവൈകല്യമൊരുഗ്രശല്യം!
സർവ്വജ്ഞനെന്നാലുമിതിങ്കൽ ന്യായം
തോന്നാഞ്ഞു ചിന്താവശനായ് മഹേശൻ.

# IV

1

നിമേഷമഞ്ചാറിനിടയ്ക്കു, മംഗള-
പ്രമേയമാ രംഗമതാ, മറഞ്ഞുപോയ്!
ക്രമേണ സംഗീതമരന്ദസാന്ദ്രമാ-
യുമേശശൈലോപരിവായുമണ്ഡലം.

2

അയത്നസിദ്ധോത്തമമാധുരിത്തഴ-
പ്പിയന്നൊരോമന്മുരളീരവാമൃതം,

Digitized By Kerala Sahitya Akademi

ഭവത്തിനാൽ സച്ചരാചരങ്ങളും
മയങ്ങുമാറങ്ങു പൊഴിഞ്ഞു മഞ്ജുളം.

3

പുരാണദിവ്യർഷിനിപീതശേഷമാ-
മുരാപനാദാമൃതമാസ്വദിക്കയാൽ,
ഉർദ്ധ്വകലാവസ്ഥയിൽ നമ്മൾ കണ്ടതാം
ഹരാദ്രി ഹർഷൈകവികാരമായ് ക്ഷണാൽ.

4

പ്രമോദരോമാഞ്ചിതയായ്, സുതവ്യഥാ-
വിമോഹമററംബിക പോലുമഞ്ജസാ;
നമോ നമസ്തേ, ശ്രുതിമാത്രവേദ്യമാ-
മമോഘസംഗീതകലാനുഭാവമേ!

5

ഉടൻ ചെവിക്കെന്നതുപോലെ, കണ്ണിനും
കിടച്ചു കൈലാസചരക്കൊരുത്സവം:
ഇടം ചെട്ടും വാനിലുദാരമേഘനം
പടന്നു കാണായൊരു ദീപ്തിമണ്ഡലം.

6

മുറയ്ക്കു ഹർഷാത്ഭുതസംഭ്രമങ്ങളാൽ
നിറഞ്ഞ ഭൂതങ്ങൾ മിഴിച്ചു നില്ക്കവേ,
പറന്നു വന്നാപ്പ്രതിദീപ്തമാം മഹ-
സ്സിറങ്ങി ഗൌരീഹരർതൻ നടുക്കിലായ്-

Digitized By Kerala Sahitya Akademi

7

ത്രിലോകഭാണ്ഡം നിറയെത്തിളങ്ങുമാ
വിലോചനാസേചനകപ്രദീപ്തിയിൽ,
അലോലതേജോമയനഷ്ടമൂർത്തിയും
ഇലോമണഞ്ഞു ദിനദീപരീതിയെ.

8

ഹരന്റെ ചാരത്തു വിളങ്ങി, സൌമ്യരായ്
നിരർഘസൌഭാഗ്യഗുണാഭിപൂർത്തിയാൽ
പരസ്പരച്ചേർച്ച തഴച്ച രണ്ടു പേർ:
ഒരത്ഭുതാത്മാവു,മൊരത്ഭുതാംഗിയും.

9

വലാഹകശ്യാമളകോമളാംഗനി
വിലാസി വിദ്യുൽസമഡംബരാംബരൻ,
സുലാള്യവേണൂജ്ജ്വലപാണിപല്ലവൻ,
കലാപിബർഹാങ്കിതകമ്രകുന്തളൻ,

10

യുവാവിവൻ കൈക്കു പിടിച്ച തന്വിയോ
സുവാസിതാശാതടചമ്പകാംഗിയാൾ,
നവാതപോദ്യന്നളിനാസ്യയാൾ, നവ-
പ്രവാളനേർപ്പട്ടുടയാട പൂണ്ടവൾ.

11

കരാഞ്ചലം കൂപ്പി വണങ്ങി, വന്ദ്യരാ-
പ്പുരാണജായാവരരീ യുവാക്കളെ,

Digitized By Kerala Sahitya Akademi

മുരാന്തക, ശ്രീധര, ദേവി, രാധികേ,
വരാം, വരാം, സ്വാഗത'മെന്നു, സത്വരം

12

പുരപ്രഹർഷത്തൊടകത്തു കൊണ്ടുപോ-
ന്നിരുത്തി മാനിച്ചു മഹാസനങ്ങളിൽ,
കുരുന്നുതൃക്കാല്ക്കലഥ വീണു കൂപ്പിനാർ
കരുത്തരീശാത്മജജാമദഗ്ന്യരും. [ യുഗ്മകം.

13

ഉത്തമാന്തഃപുരശാപഭീതിയോ,
പ്രവൃദ്ധസൌഭ്രാത്രവിഭംഗഖേദമോ
ഒത്രുഞ്ജിതാസ്വാസ്ഥത ചേർത്തിരിക്കയാൽ
സ്വത്രപവൈവർണ്ണ്യമിയന്ന രാമനെ,

14

ഹഹ! പ്രകാമാർദ്രത പൂണ്ടു നോക്കിനാർ
സഹസ്രപത്രായതലോചനങ്ങളാൽ,
മഹർദ്ധിഗോലോകനികേതനത്തിലെ-
ഗ്ഗൃഹസ്ഥരാശ്ശാശ്വതബോധതീശ്വരർ. [ യുഗ്മകം.]

15

ത്രിവിക്രമപ്രേയസിയേകദന്തനെ-
സ്സവിത്രി പോലത്രയുമോമനിച്ചുടൻ
പവിത്രപാണിത്തളിർകൊണ്ടവൻറയാ-
ക്കവിൾത്തടം തൊട്ടുതലോടി മെല്ലവേ.

Digitized By Kerala Sahitya Akademi

16

ഉണങ്ങി ഗണ്ഡക്ഷതമായവന്ന തൽ-
ക്ഷണം, ഹൃദന്തക്ഷതമദ്രിമാതിനും:
ഗുണം തികഞ്ഞീടിന രാധതൻകരം
പ്രണമ്രദോഷാമൃതശീതമല്ലയോ?

17

വിളിപ്പെട്ടും ഗോകുലറാണിയുൾക്കളും
കളിത്ത തന്നങ്കഗനാം ഗണേശനെ,
തെളിഞ്ഞ പൊൻകങ്കണരത്നകാന്തിയാൽ
തളിത്ത കൈവല്ലികൾകൊണ്ടു പുൽകിയും,

18

ഉയർന്ന മാറത്തണിമുത്തുമാലയെ
സ്വയം രദദ്യുതിയാൽ പെരുക്കിയും,
പ്രിയന്റെ വേണുസ്വനവും തൊഴും ശ്രുതി-
പ്രിയസ്വരത്തിൽശ്ശിവയോടു ചൊല്ലിനാൾ:—

[യുഗ്മകം]

19

„പരസ്പരം കുട്ടികൾ കോട്ടു കാട്ടിയു-
ലൊരമ്മയിത്രയ്ക്കരിശപ്പെടാവതോ?
ഹേരങ്കലാശ്ശേ, ഭൃഗുസൂനു ശിഷ്യനാ-
മൊരന്നു തൊട്ടുണ്ണികൾ മുഷ്ടരായ് തവ!

20

നിനക്കുണ്ണം പുത്രരിൽ മീതെയായിയും
കനത്ത വാത്സല്യമൊടിക്കുലീനനെ:

Digitized By Kerala Sahitya Akademi

നിനക്കു ഗർഭ്രസവാദിപീഡയാൽ
മനം കലങ്ങാതെ ലഭിച്ച കുഞ്ഞിവൻ!!"

21

പ്രതിവിധി നിയതിക്കെന്തുള്ളൂ? വേദേതിഹാസ-
സ്മൃതിവിഹിതമിദാസ്യന്നേകദന്തത്വമത്രേ;
അതിപടുമതിയാമീ നമ്മൾതൻജ്യോത്സ്യനുണ്ണി-
ക്കിതിനുടെ വഴി പണ്ടേ ദൃഷ്ടിയിൽപ്പെട്ടിരിക്കും!'

22

ഹരിയും മൃദുഹസിതാഞ്ചിതമുഖനായിദമരുൾചെ-
യ്യ,രികേ ഗുരുവിനയത്തൊടു മരുവീടിന ഗുഹനെ,
വരിവണ്ടണിവനമാലിക മണികൌസ്തുഭമണിയും
വിരിമാറിയ തിരുമാറിനൊടിട ചേർത്തഥ തഴുകി.

23

കാന്തൻ സാകൂതമന്ദസ്മിതമൊടുമഭിവീ-
ക്ഷിക്കെ, തൽപ്രാണി ലജ്ജാ-
ക്രാന്തം വക്ത്രേന്ദു താഴ്ത്തി, ച്ചരണപതിതനാം
രാമനെ പ്രേമഭാരാൽ
താൻതന്നേ ഹന്ത! കൈക്കൊണ്ടതിദൃഢമുപലാ-
ളിച്ചിതാ,-സ്വച്ഛധീര- (പേ.ക.
സ്വാന്തൻ വിഭൈശ്യകയോദ്ധാവൊരു മകരശിശു
ലംബികാങ്കേ വിളങ്ങി.

Digitized By Kerala Sahitya Akademi

24

ഫു സ്ടം കേൾക്കായ് വാനത്തിടിയൊടെതിരാ-
മാനകരവം;
ത്തുടന്നുണ്ടായ് ശ്ശുഭ്രസ്ഫടികരുചിയാം
പ്പൂച്ചൊരിയലും;
ഉടൻ, നീളെക്കാർവില്ലൊളി വിതറിടും
പീലി മുഴുവൻ
വിടർത്തി, സ്സുന്ദരൻതൻമയിൽ നടനമാ-
ടീ മദകളം.



Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi